DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

29-02-2020

# കാർഷികമേഖലാവാർത്തകൾ

## നാടൻ പശു ഹബ്ബ് പദ്ധതി ഉദ്ഘാടനം

ഓണാട്ടുകരയുടെ സമഗ്ര കാർഷിക വികസനം ലക്ഷ്യമാക്കി ഈ മേഖലയിൽ കേരളത്തിന്റെ തനത് നാടൻ ജനുസ് പശുക്കളുടെ ശേഖരം സൃഷ്ടിച്ച് ഓണാട്ടുകരയെ തനത് 'നാടൻ പശുഹബ്ബ്' ആയി വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി കെ.എൽ.ഡി ബോർഡും ഓണാട്ടുകര വികസന ഏജൻസിയും സംയുക്തമായി നിരവധി പദ്ധികളക്ക് തുടക്കം കുറിച്ചിരിക്കുന്നു. ഇതിന്റ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോത്താക്കൾക്ക് സൗജന്യമായി നാടൻ പശുക്കിടാരികൾ, കാലിത്തീറ്റ, കാലിത്തൊഴുത്ത് നവീകരണത്തിന് ധനസഹായം എന്നിവ വിതരണം ചെയ്യുന്നു. ഈ പരിപാടിയുടെ ഉദ്ഘാടനവും നാടൻ ജനുസ്സുകളുടെ പ്രദർശനവും, കർഷക സെമിനാറും ഇന്ന് രാവിലെ 8.30 മുതൽ ഓച്ചിറ പരബ്രഹ്മക്ഷേത്രാങ്കണത്തിൽ വച്ച് നടക്കുകയാണ്. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം രാവിലെ 11 മണിയ്ക്ക് കരുനാഗപ്പള്ളി എം.എൽ.എ. ആർ.രാമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കുന്നു. ചടങ്ങിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ,

മൃഗസംരക്ഷണ ക്ഷീര വികസന മേഖലയിലെ ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നതാണ്.

## അറിയിപ്പ്

വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ വിവിധ വിഷയങ്ങളിൽ ദ്വിദിന പരിശീലനം നൽകുന്നു. മാർച്ച് 3,4 തീയതികളിൽ ബഡ്ഡിങ് ആന്റ് ലയറിംഗ്, ബോൺസായി ആന്റ് ടെറേറിയത്തിലും 6,7 തീയതികളിൽ പഴം പച്ചക്കറി സംസ്കരണം, മാലിന്യ സംസ്കരണത്തിലും 12,13 ന് അടുക്കളത്തോട്ടം, പച്ചക്കറി സംസ്കരണം, ഹോർട്ടികൾച്ചർ തെറാപ്പിയിലും, 17,18 ന് തേനീച്ച കൃഷി, സംയോജിത കൃഷി, കരനെൽകൃഷിയിലും, 20,21 ന് പൂന്തോട്ട നിർമ്മാണം സൂക്ഷ്മ ജലസേചനം എന്നിവയിലും പരിശീലനം നൽകുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർ പരിശീലന ദിവസം രാവിലെ 9.30 ന് വെള്ളായണി കാർഷിക കോളേജ്, കാർഷിക വിജ്ഞാന വ്യാപന വിഭാഗത്തിൽ എത്തി പരിശീലന ഫീസായ 500 രൂപ അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9495118208, 8078440720.

## ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം

ക്ഷീരവികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലന വികസന കേന്ദ്രത്തിൽ വച്ച് മാർച്ച് 5,6 തീയതികളിലായി 2 ദിവസത്തെ തീറ്റപ്പുൽകൃഷി പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ.

ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം. പങ്കെടുക്കുന്നവർക്ക് യാത്രാബത്ത, ദിനബത്ത എന്നിവ ഉണ്ടായിരിക്കുന്നതാണ്. പ്രവർത്തി ദിവസങ്ങളിൽ ഫോൺ വഴി 0476-2698550 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാറിന്റെയും ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പ് സഹിതം 5-ാം തീയതി രാവിലെ 10 മണിക്ക് പരിശീലന കേന്ദ്രത്തിൽ എത്തിച്ചേരണമെന്ന് ഓച്ചിറ മിൽക്ക് പ്രോഡക്ട് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സെന്ററിലെ പ്രിൻസിപ്പാൾ അറിയിച്ചു.

## പരിശീലനം

ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽവച്ച് 2020 മാർച്ച് 2 മുതൽ 13 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയംതൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി "ക്ഷീരോല്പന്ന നിർമ്മാണ പരിശീലന പരിപാടി" ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഈ മാസം 29-ാം തീയതിക്കു മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴിറോഡ്, പട്ടം, പട്ടം. പി. ഒ, തിരുവനന്തപുരം- 695004 എന്ന വിലാസത്തിലോ 0471-2440911 എന്ന ഫോൺ നമ്പരിലോ principaldtctvm@gmail.comഎന്ന ഇ-മെയിൽവിലാസത്തിലോ ബന്ധപ്പെടുക.